പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3106

21-06-2013 – ൽ മറുപടിയ്ക്ക്

## ചാത്തന്നൂരിലെ മാലാക്കായൽ വികസന പദ്ധതി

| ചോദ്യം<br>ശ്രീ. ജി.എസ്. ജയലാൽ | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും ,അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
|---|---|
| (എ) കൃഷി വകുപ്പ് കെ.എൽ.ഡി.സി മുഖേന ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന മാലാക്കായൽ വികസന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിട്ട് എത്ര മാസമായി; എന്ത് കാരണം കൊണ്ടാണ് നിർമ്മാണം തുടരുവാൻ കഴിയാതെ വന്നത്; | (എ) കെ.എൽ.ഡി.സി മുഖേന നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന മാലാക്കായൽ പദ്ധതി യുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വച്ചിട്ട് 38 മാസമായി. ടി നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് 3 കേസുകൾ ഹൈക്കോടതിയിൽ നടന്നുവരി കയാണ്. ഇതിനു പുറമേ പരവൂർ മുൻസിഫ് കോടതിയിലും ഒരു കേസ് നിലവിലുണ്ട്. കൂടാതെ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി തുടർ നിർമ്മാണ പ്രവർത്തനങ്ങൾ പാടില്ല എന്ന് രേഖാമൂലം അറിയിച്ചിട്ടുമുണ്ട്. |
| (ബി) പ്രസ്തുത പ്രവർത്തനം തുടരുന്നതിലേയ്ക്കായി ഈ. കാലയളവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടു ള്ളത്; വിശദാംശം അറിയിക്കുമോ; | (ബി) സർക്കാർ തലത്തിൽ അവലോകന യോഗങ്ങൾ നടത്തുകയും കോടതിയിൽ നിലവിലുള്ള കേസുകൾ എത്രയും വേഗം തീർപ്പാക്കാൻ കോർപ്പറേഷൻ സ്റ്റാൻഡിംഗ് കൗൺസിലിനെ നിയമിക്കുകയും കുടാതെ കോസ്റ്റൽ സോൺ മാനേജ്മെന്റിന്റെ സ്റ്റോപ്പ് മെമ്മോ പിൻവലിക്കുന്നതിനായി CESS, KCZMZ അതോറിറ്റികൾക്ക് കത്ത് നൽകിയിട്ടുള്ളതുമാണ്. |
| (സി) ഈ പദ്ധതിക്കായി എത്ര രൂപയുടെ ഭരണാനുമതി നൽകി; എത്ര രൂപ ചെലവഴിച്ചു; | (സി) ടി പദ്ധതിയുടെ ഭരണാനുമതി 80.24 ലക്ഷം രൂപയാണ്. അതിൽ 32.318 ലക്ഷം രൂപ ചിലവായിട്ടുണ്ട്. |
| (ഡി) പദ്ധതി പൂർത്തീകരിക്കേ ണ്ടുന്ന കാലയളവ് ഏതാണ്; പ്രസ്തുത കാലാവധി നീട്ടി നൽകുവാൻ ബന്ധപ്പെട്ടവർക്ക് അപേക്ഷ സമർപ്പിച്ചിരു ന്നുവോ; അപേക്ഷ നൽകിയ | (ഡി) പദ്ധതിയുടെ പൂർത്തീകരണ കാലാവധി 31-12-2012 വരെയായിരുന്നു. പൂർത്തീ കരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്ന തിനുള്ള അപേക്ഷ പരിഗണിച്ച് 31/03/2013 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. എന്നാൽ ടി പദ്ധതി ദീർഘിപ്പിച്ചു |

| | | | |
|---|---|---|---|
| | തീയതി എന്നാണെന്നും അതിന്മേലുള്ള നടപടി എന്തായി എന്നും അറിയിക്കുമോ; | | നൽകുന്നതിന് നിലവിലുള്ള കോടതി ഉത്തരവുകളും കോസ്റ്റൽ സോൺ മാനേജ്മെന്റിന്റെ സ്റ്റോപ്പ് മെമ്മോയും തടസ്സമായതിനാൽ പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. |
| (ഇ) | പദ്ധതി പൂർത്തീകരണത്തിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; കാലതാമസം ഒഴിവാക്കി പദ്ധതി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | പദ്ധതി പൂർത്തീകരിക്കുവാൻ നിലവിലുള്ള കോടതി വ്യവഹാരങ്ങൾ തീർപ്പുകൽപിക്കേണ്ടതും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി ടി പ്രദേശം കോസ്റ്റൽ സോൺ ആയി പരിഗണിച്ചിട്ടുള്ളതിനാൽ പ്രസ്തുത സ്ഥലത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതിനായി നൽകിയ സ്റ്റോപ്പ് മെമ്മോ പിൻവലിക്കേണ്ടതുമുണ്ട്. കൂടാതെ പദ്ധതി പൂർത്തീകരണ കാലാവധി 31-03-2013 ൽ അവസാനിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ